I/64639/2024

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സ് പ്രവേശനം – 2023**

**അപേക്ഷകളിൽ/സർട്ടിഫിക്കറ്റുകളിൽ ന്യൂനതകൾ ഉള്ള അപേക്ഷാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2023-24 അധ്യയന വർഷത്തെ BPharm (Lateral Entry) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിലെയും അനുബന്ധമായി അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളിലെയും ന്യൂനതകൾ പരിഹരിഹരിക്കുന്നതിന് 26.01.2024 ലെ വിജ്ഞാപന പ്രകാരം 01.02.2024 വരെ അപേക്ഷകർക്ക് അവസരം നൽകിയിരുന്നു. സൂക്ഷ്മ പരിശോധനയിൽ ന്യൂനതകളുള്ള അപേക്ഷകളും സർട്ടിഫിക്കറ്റുകളും വീണ്ടും കണ്ടെത്തിയതിനാൽ ന്യൂനതയുള്ള അപേക്ഷകൾ/സർട്ടിഫിക്കറ്റുകൾ സമർപ്പിച്ച അപേക്ഷകരുടെ പട്ടിക, പരിശോധനക്കായും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി വെബ്സൈറ്റിൽ (www.cee.kerala.gov.in) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകളിൽ/സർട്ടിഫിക്കറ്റുകളിൽ ന്യൂനതയുള്ള അപേക്ഷകർ അവരവരുടെ കാൻഡിഡേറ്റ് പോർട്ടൽ സന്ദർശിച്ച് സാധുവായ രേഖകൾ അപ്‌ലോഡ് ചെയ്ത് ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ പ്രൊഫൈൽ പേജിൽ ലഭ്യമായ **‘Memo details’** എന്ന മെനു ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ കാണാവുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ **10.02.2024 വൈകുന്നേരം 4.00 മണിക്ക് മുൻപ്** ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. തപാൽ മുഖേനയോ, ഇ-മെയിലായോ, നേരിട്ടോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകളിലെ ന്യൂനതകൾ യഥാസമയം പരിഹരിച്ചില്ലെങ്കിൽ അർഹമായ സംവരണ ആനുകൂല്യങ്ങൾ ഉൾപ്പെടെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ന്യൂനതകൾ പരിഹരിക്കുന്നതിന് മറ്റൊരു അവസരം നൽകുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 03-02-2024 07:56:22

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03-02-2024